"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-ലൈഫ് മിഷൻ-ലൈഫ് ജില്ലാതല കർമ്മസമിതി അംഗമായ ദാരിദ്ര്യലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർമാർക്ക് ജില്ലാ കോ-ഓർഡിനേറ്റർമാരുടെ ചുമതല താല്കാലികമായി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്

സ.ഉ.(സാധാ) നം.2238/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 09/11/2021

---

പരാമർശം:-

1. സ.ഉ..(പി) നം.10/2021/പി&ഇഎ തീയതി 01/08//2021
2. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 27/10/2021-തീയതിയിലെ എൽ.എം.4/2017/ലൈഫ് /ഡി. റ്റി നമ്പർ കത്ത്.

ഉത്തരവ്

ലൈഫ് മിഷനിൽ പതിനാല് ജില്ലകളിലും ഓരോ കോ-ഓർഡിനേറ്റർ തസ്തിക നിലവിൽ ഉണ്ടായിരുന്നുവെന്നും പരാമർശം (1) പ്രകാരം 4 മിഷനുകൾക്കുമായി ഒരു ജില്ലാ കോ-ഓർഡിനേറ്റർ തസ്തിക മാത്രമാണ് ഇപ്പോൾ അനുവദിച്ചിട്ടുള്ളതെന്നും ലൈഫ് മിഷനിലെ ജില്ലാ കോ-ഓർഡിനേറ്റർമാരുടെ ഡെപ്യൂട്ടേഷൻ കാലാവധി തീരുന്ന മുറയ്ക്ക് ഇവരെ തിരികെ മാതൃവകുപ്പിലേയ്ക്ക് വിടേണ്ടതുണ്ടെന്നും നിലവിലുള്ള ജില്ലാ കോ -ഓർഡിനേറ്റർമാരെ നിലനിർത്തുന്നതിന്റെ ആവശ്യകത നവകേരള കർമ്മപദ്ധതി - II കോ-ഓർഡിനേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും ഈ സാഹചര്യത്തിൽ പുതുക്കിയ ഉത്തരവ് ഉണ്ടാകുന്നതുവരെ ഡെപ്യൂട്ടേഷൻ കാലാവധി തീരുന്ന കോ-ഓർഡിനേറ്റർമാരെ മാതൃവകുപ്പിലേയ്ക്ക് വിടുതൽചെയ്തു വിടുന്ന ജില്ലകളിൽ പരാമർശം(1) പ്രകാരം ലൈഫ് ജില്ലാതല കർമ്മസമിതി അംഗമായ ദാരിദ്ര്യലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർമാർക്ക് ജില്ലാ കോ-ഓർഡിനേറ്റർമാരുടെ ചുമതല താല്കാലികമായി നൽകുന്നതിനുള്ള അനുമതി ഉണ്ടാകണമെന്ന് പരാമർശം (2) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ കോ -ഓർഡിനേറ്റർമാരെ നിലനിർത്തുന്നതുമായി ബന്ധപ്പെട്ട് പുതുക്കിയ ഉത്തരവ് ഉണ്ടാകുന്നതുവരെ ഡെപ്യൂട്ടേഷൻ കാലാവധി തീരുന്ന കോ-ഓർഡിനേറ്റർമാരെ മാതൃവകുപ്പിലേയ്ക്ക് വിടുതൽചെയ്തു വിടുന്ന ജില്ലകളിൽ പരാമർശം (1) പ്രകാരം ലൈഫ് ജില്ലാതല കർമ്മസമിതി അംഗമായ ദാരിദ്ര്യലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർമാർക്ക് ജില്ലാ കോ-ഓർഡിനേറ്റർമാരുടെ ചുമതല താല്കാലികമായി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജു പ്രഭാകർ

സെക്രട്ടറി

File No.LSGD-DB1/257/2021-LSGD

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ വിംഗ്, ഐ&പിആർഡി, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Reeny

സെക്ഷൻ ഓഫീസർ